## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *453 4/7/2012 ൽ മറുപടിക്ക്

### തീരദേശ പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) കടലിലുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷ ശക്തമാക്കുന്നതിന് തീരദേശ പോലീസ് സ്റ്റേഷനുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ട നടപടികളെകുറിച്ച് തീരുമാനിക്കുന്നതിന് നേവി, തീരദേശ സംരക്ഷണ സേന, പോലീസ്, ഷിപ്പിംഗ് ഡയറക്ടർ ജനറൽ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ബന്ധപ്പെട്ട വിഭാഗങ്ങളുടെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2012 മാർച്ച് മാസം 5-ാം തീയതി വിളിച്ചു ചേർത്തു. തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതായ തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ ജില്ലാ തലത്തിലും പോലീസ് സ്റ്റേഷൻ തലത്തിലും 74 കടലോര ജാഗ്രതാ സമിതികളും രണ്ട് കായലോര ജാഗ്രതാസമിതികളും (അരൂർ കായംകുളം) രൂപീകരിച്ചു. നാവികസേന, കോസ്റ്റ് ഗാർഡ്, പോലീസ് എന്നിവയുടെ |

| | |
|---|---|
| | ഏകോപിച്ചുള്ള പ്രവർത്തനം സുഗമമാക്കാനായി കൊച്ചിയിൽ ജോയിന്റ് ഓപ്പറേഷൻ സെന്റർ (ജെ.ഒ.സി) ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. തീരദേശ സുരക്ഷയെ സംബന്ധിക്കുന്ന വിവരങ്ങൾ ജെ.ഒ.സിക്ക് കൈമാറുന്നതിനും തീരദേശ പോലീസ് സ്റ്റേഷനുകളിൽ നിരന്തരം ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് കൈകാര്യം ചെയ്യുന്നതിനുമായി സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി ഹെഡ് ക്വാർട്ടേഴ്സിലെ എസ്.പി.എം.ആർ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോസ്റ്റൽ സെക്യൂരിറ്റി കൺട്രോൾ റൂമായി പ്രവർത്തിച്ചു വരുന്നു. ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തനം ആരംഭിച്ച തീരദേശ പോലീസ് സ്റ്റേഷനുകളിൽ തീരദേശ സുരക്ഷയെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിന് '1093' എന്ന ടോൾഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. കടലിൽ സുരക്ഷാ പട്രോളിംഗ് നടത്തുന്നതിനുവേണ്ടി 24 ഹൈസ്പീഡ് ബോട്ടുകൾ നൽകിയിട്ടുണ്ട്. കൂടാതെ തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ ആയുധങ്ങൾ (ഇൻസാറ്റ് റൈഫിൾ, പിസ്റ്റൽസ്, അവയ്ക്ക് ആവശ്യമായ തിരകൾ കൂടാതെ ലൈഫ് ജാക്കറ്റ് ഹെൽമറ്റ് മുതലായവയും) രാത്രികാലങ്ങളിൽ |

| | |
|---|---|
| | ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങളായ സെർച്ച് ലൈറ്റ്, നൈറ്റ്വിഷൻ ബൈനോക്കുലറുകൾ മുതലായവയും ആദ്യഘട്ടത്തിലെ പ്രവർത്തനം ആരംഭിച്ച 8 തീരദേശ പോലീസ് സ്റ്റേഷനുകൾക്കും നൽകിയിട്ടുണ്ട്. |
| (ബി) നേവി, കോസ്റ്റ് ഗാർഡ് എന്നിവയിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുമോ; | (ബി) നേവി, കോസ്റ്റ് ഗാർഡ് എന്നിവയിൽ നിന്ന് റിട്ടയർചെയ്തവരെ ബോട്ട് കമാന്ററായും അസിസ്റ്റന്റ് ബോട്ട് കമാന്ററായും 15.3.2012 ലെ സ.ഉ (കൈയെഴുത്ത്) നം. 81/12/ആഭ്യന്തരം പ്രകാരം കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) കടലിൽ പോകാൻ പരിചയവും ആരോഗ്യവും ഉള്ളവരെ സുരക്ഷ പരിപാടികളിൽ പങ്കാളികളാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) സുരക്ഷാ ബോട്ടുകളിൽ കടലിൽ പരിചയമുള്ള ആരോഗ്യവാൻമാരായ മത്സ്യത്തൊഴിലാളികളെ മറൈൻ ഹോം ഗാർഡുകളായി കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് 15.3.2012 ലെ സ.ഉ (കൈയെഴുത്ത്) നം. 81/12/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ